II. ശ്രദ്ധ ക്ഷണിക്കൽ

(1) വടകരയിലെ ഒഞ്ചിയം – ചോറോട് ശുദ്ധജല വിതരണ പദ്ധതിയിലെ പൈപ്പുകൾ തുടർച്ചയായി തകരാറിലാകുന്നതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സി. കെ. നാണു : സർ, കുറച്ചുദിവസം മുമ്പ് ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട് വിളിച്ചുചേർത്ത യോഗത്തിൽ 12-2005-ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ മുമ്പാകെ വ്യക്തമാക്കിയ ഒഞ്ചിയം-ചോറോട് സ്കീമിൽ അടിക്കടി പൈപ്പ് പൊട്ടുന്നതിന്റെ ഫലമായി ആ പ്രദേശത്തുള്ള ജനങ്ങൾ അനുഭവിക്കുന്ന ഗൗരവകരമായ പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. നാദാപുരം നിയോജക മണ്ഡലത്തിലെ തൂണേരി-നാദാപുരം പഞ്ചായത്തുകളിലും വടകര നിയോജക മണ്ഡലത്തിലെ ഒഞ്ചിയം-ചോറോട്, ഏറാമല, വില്യാപ്പള്ളി എന്നീ പഞ്ചായത്തുകളിലും ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടിയാണ് ഈ സ്കീം ആരംഭിച്ചത്. അതിനുമുൻപ് ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ വ്യക്തമാക്കുന്നു, വടകര മുനിസിപ്പാലിറ്റിയിൽ ശുദ്ധജലവിതരണം നടത്താൻ വടകര നഗരസഭയിൽ നടത്തുന്ന ശുദ്ധജലവിതരണ പദ്ധതിയും അതുകഴിഞ്ഞ് ആ വെള്ളം പോരായെന്ന് വന്നപ്പോൾ ആരംഭിച്ച ഓഗ്മെന്റേഷൻ പദ്ധതി, ഈ രണ്ടു പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പുകൾ അടിക്കടി പൊട്ടുന്നതിന്റെ ഫലമായി വടകര മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രശ്നങ്ങളുണ്ടാകുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ സമിതി അവിടെച്ചെന്ന് പ്രശ്നങ്ങൾ ഗൗരവമായി പരിശോധിച്ച് ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. പക്ഷെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ ഈ പ്രശ്നം അവതരിപ്പിക്കുന്നതിനുമുൻപ് ഒരു വസ്തുത 14-3-2005-ൽ എനിക്ക് അങ്ങ് നൽകിയ മറുപടിയിൽ വടകര മുനിസിപ്പൽ വാട്ടർ സപ്ലൈ സ്കീമിന്റെ ഓഗ്മെന്റേഷൻ പദ്ധതിയടക്കം അറുപത്തിയൊന്നു ലക്ഷത്തി ഒൻപതിനായിരവും അതുപോലെ ഒഞ്ചിയം-ചോറോട് പദ്ധതിക്കുവേണ്ടി മുപ്പത്തിനാല് ലക്ഷം രൂപയും അഞ്ചു കൊല്ലത്തിനിടയ്ക്ക് ഇതിന്റെ റിപ്പയറിംഗിനു മാത്രമായി സർക്കാരിന്റെ ഭാഗത്തുനിന്ന് ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമായി മറുപടി തന്നിട്ടുണ്ട്. ഇതിന്റെ പ്രധാനപ്പെട്ട കാരണം എച്ച്.ഡി.പി.ഇ. പൈപ്പുകളാണ് പല ഭാഗത്തും ഇട്ടിരിക്കുന്നത്. ഈ പൈപ്പുകൾ അടിക്കടി പൊട്ടിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ പൊട്ടുന്ന അവസരത്തിൽ പല പഞ്ചായത്തുകളിലും

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജലവിതരണം നിലയ്ക്കും. ഉദ്യോഗസ്ഥൻമാർ സ്ഥിരമായി ഇത് നന്നാക്കാൻ പോകുന്നു എന്നു പറയും. ഇപ്പോൾ ഞാൻ ഇത് അവതരിപ്പിക്കാനുള്ള പ്രധാനപ്പെട്ട കാരണം ഈ നിയമസഭ നടക്കുന്ന അവസരത്തിൽ വാട്ടർ സപ്ലൈയിലെ ഉദ്യോഗസ്ഥൻമാരും ഒഞ്ചിയം-ചോറോട് പഞ്ചായത്ത് പ്രസിഡന്റും എന്നെ വിളിച്ചുപറഞ്ഞതുകൊണ്ടാണ്. ഒഞ്ചിയം പഞ്ചായത്തിൽ ജനങ്ങളെല്ലാം വളരെ ക്കാലമായി ആഗ്രഹിച്ചതിന്റെ ഫലമായി പി.എം.ജി.എസ്.വൈ. യിൽ ഒരു നല്ല റോഡ് വന്നു. നല്ലത് എന്നുപറഞ്ഞാൽ ഈ സ്റ്റേറ്റ് റോഡിനേപോലെയുള്ള മനോഹരമായ റോഡാണ്. ആ റോഡിന്റ ഭാഗത്ത് ഒഞ്ചിയം എൽ.പി. സ്കൂളും. യു. പി. സ്കൂളും ഉണ്ട്. ഇതിന്റെ സമീപത്ത് പൈപ്പ് പൊട്ടി വെള്ളം നിറഞ്ഞ് വലിയ കുഴി റോഡിന്റെ പല ഭാഗത്തും ഉണ്ടാകുന്നു യഥാർത്ഥത്തിൽ പറഞ്ഞാൽ കുട്ടികൾക്ക് സ്കൂളിൽ വരാൻ പേടി തോന്നും, ഈ റോഡു വന്നശേഷം പലപ്പോഴായി ആളുകൾ ഇതിനെ സംബന്ധിച്ച് ഇതിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചു. അന്നത്തെ പാർലമെന്റ് അംഗമായിരുന്ന പ്രൊഫ. പ്രേമജം അതുപോലെ പഞ്ചായത്ത് പ്രസിഡന്റ് എല്ലാപേരും ചേർന്ന് ഇതിനൊരു പരിഹാരം കാണണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. പക്ഷെ കുറച്ചുദിവസം മുമ്പ് പൈപ്പ് പൊട്ടിയെന്ന് മാത്രമല്ല കഴിഞ്ഞ കാലത്ത് ഉണ്ടായതിനേക്കാൾ കൂടുതൽ കുഴി റോഡിൽ വന്ന അവസ്ഥയുണ്ടായി. ഞാൻ നേരിട്ട് അവിടെപോയി കണ്ടതിന്റെ അടിസ്ഥാനത്തിലാണ് ഇതൊക്കെ പറയുന്നത്. അതുകഴിഞ്ഞ് ഉദ്യോഗസ്ഥൻമാർ ഇത് വീണ്ടും റിപ്പയർ ചെയ്യാമെന്നുള്ള നിലയ്ക്ക് ജോലിചെയ്യാൻ വന്നപ്പോൾ നാട്ടുകാരും അവിടത്തെ സ്കൂളിലെ അദ്ധ്യാപകരും എല്ലാംകൂടി പറഞ്ഞു, ഇതിന് ഒരു പരിഹാരമുണ്ടാക്കണം, നമ്മൾ സാധാരണ ചെയ്യുന്നതുപോലെ ഒരു മുട്ടുശാന്തിയ്ക്ക് എന്ന രൂപത്തിലുള്ള നടപടി ചെയ്താൽ പറ്റില്ല. ഇതിന് എന്തെങ്കിലും വ്യക്തമായ ഒരു നടപടി വേണം. സ്വാഭാവികമായി ഇത് പെട്ടെന്ന് റിപ്പയർ ചെയ്തില്ലായെങ്കിൽ മറ്റുള്ള പഞ്ചായത്തുകളിലും ശുദ്ധജലം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത് നിറുത്തിവയ്ക്കേണ്ടി വരും. അങ്ങനെ ഈ ഒരു പ്രശ്നം വന്നപ്പോൾ ഞാൻ അവിടെ പോയി. ഉദ്യോഗസ്ഥരടക്കം പലരും എന്നോട് പറഞ്ഞു, നിങ്ങൾ അവിടെ പോകേണ്ട, ആളുകൾ അത്ര വലിയ വെറുപ്പിലാണെന്ന്. ഏതായാലും ഞാൻ അവിടത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഒഞ്ചിയം പഞ്ചായത്ത് പ്രസിഡന്റ് ഇവരോടൊക്കെ നിങ്ങളും വരികയെന്നു പറഞ്ഞു, അങ്ങനെ യു. പി. സ്കൂളിൽ നാട്ടുകാരുടെ യോഗം വിളിച്ചു. ആ യോഗത്തിൽ അവിടെയുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ വിഷമത്തോടുകൂടി നാട്ടുകാർ വിശദീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ ഞാൻ നിവേദനം സമർപ്പിക്കുന്നുണ്ട്. ഇതിന്റെ സത്യാവസ്ഥയെപ്പറ്റി ഞാൻ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുന്നുണ്ടെന്ന് വളരെ വ്യക്തമായി ജനങ്ങളോട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യം പറയുന്നത്. ഇതിൽ പ്രധാനമായി ഈ വാട്ടർ സപ്ലൈ സ്കീമിൽ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നം, ഈ പറഞ്ഞ പൈപ്പ് അടിക്കടി പൊട്ടുന്നതാണ്. എച്ച്.ഡി.പി.ഇ. പൈപ്പാണ് ഏതോ കാലത്ത് ഇട്ടതാണ്. ആ പൈപ്പുകൾ അടിയ്ക്കടി പൊട്ടുകയാണ്. കുറച്ച് ഉയർന്ന സ്ഥലത്തേക്ക് ഒഞ്ചിയം-ചോറോട് പദ്ധതിയുടെ സ്കീം മുമ്പോട്ടു കൊണ്ടുവന്നുകൊണ്ട് കുറച്ചു സ്പീഡിൽ വെള്ളം അടിയ്ക്കുന്ന അവസരത്തിൽ പൈപ്പ് പൊട്ടി ആകെ താറുമാറാകുന്ന ഒരു അവസ്ഥയാണ് ഉണ്ടാകുന്നത്. ഇതിന് വേറൊരു മാർഗ്ഗവുമില്ല. എച്ച്.ഡി.പി.ഇ. പൈപ്പ് മാറ്റുകയല്ലാതെ നിവർത്തിയില്ല. ഇപ്പോൾ വരൾച്ച വരുന്ന കാലഘട്ടമാണ്. കുറേശ്ശ വെള്ളം കൊടുക്കാൻ ഈ സംവിധാനത്തിലൂടെ നമുക്കു സാധിക്കുന്നതാണ്. ഞാൻ വളരെ വിശദീകരിച്ചു പറയുന്നില്ല. നേരിട്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഇതിന്റെ കാര്യങ്ങളെക്കുറിച്ചു ഞാൻ പറഞ്ഞതാണ്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ എച്ച്.ഡി.പി.ഇ. പൈപ്പുകൾ താൽക്കാലികമായി മാറ്റാൻ എന്തു തുക വേണ്ടിവരുമെന്നുള്ള വിവരം ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചത്. എനിക്ക് അടിയന്തിരമായി പറയാനുള്ളത് ഈ ഒഞ്ചിയം-ചോറോടിലെ തകരാറുകൾ മാറ്റുന്നതിന് എച്ച്.ഡി.പി.ഇ. പൈപ്പുകൾ മാറ്റി, അതിനാവശ്യമായ കാസ്റ്റ് അയൺ പൈപ്പോ ഏത് പൈപ്പാണ് വേണ്ടത് സാമ്പത്തിക സ്ഥിതിയനുസരിച്ച് അടിയന്തിരമായി ആവശ്യമുള്ള പ്രദേശങ്ങളിൽ പൈപ്പുകൾ മാറ്റുന്നതിനും, അതുപോലെ ഇതിന്റെ തകരാറുകൊണ്ടു മാത്രം കേടായ റോഡിന്റെ ചിലഭാഗം റിപ്പയർ ചെയ്യാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും അടിയന്തിരമായ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ, ബഹുമാനപ്പെട്ട സി. കെ. പറയുന്ന കാര്യത്തോട് ഞാൻ യോജിക്കുന്നില്ല. പക്ഷെ സാമ്പത്തികമായ പരിമിതികൾ, ബുദ്ധിമുട്ടുകൾ അതൊക്കെ അങ്ങേയ്ക്കും ഷെയർ ചെയ്യാവുന്നതേയുള്ളൂ എന്ന് എനിക്കറിയാം. റോഡ് നന്നാക്കുന്നതിന് ഒരു ചെറിയ ഫോർമുലയുണ്ട്. റോഡ് നന്നാക്കുമ്പോൾ ഈ പൈപ്പ് K.S.T.P. പ്രോഗ്രാമിൽ ആണെങ്കിൽ റിഹാബിലിറ്റേഷൻ സ്കീമിൽക്കൂടി അതിനകത്ത് ഒരു കമ്പോണന്റ് ആയിട്ടുണ്ട്. അപ്പോൾ റോഡ് അവർ നന്നാക്കുന്ന സമയത്ത് അതിന്റെ അടിയിൽ പോകുന്ന പൈപ്പ് റോഡിന്റെ മദ്ധ്യഭാഗത്തുനിന്ന് സൈഡിലോട്ട് മാറ്റിയിടാനുള്ള റിഹാബിലിറ്റേഷനുവേണ്ടി K.S.T.P. പ്രോഗ്രാമിനകത്ത് ഒരു ഭാഗം അവർ ചേർത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ തിരുവനന്തപുരത്ത് അങ്ങനെ നമ്മൾ ചെയ്തിട്ടുണ്ട്. മറ്റ് പല സ്ഥലത്തും

ചെയ്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ അങ്ങനെ ചെയ്യാതെവന്നാൽ traffic density വർദ്ധിച്ച് വരുമ്പോൾ പൈപ്പിന് പൊട്ടൽ ഉണ്ടാകും. പക്ഷെ ഇവിടെ ഈ പൊട്ടൽ മാത്രമല്ല പ്രശ്നം. അവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം, 1986-ൽ എ.ആർ.പി. പദ്ധതിപ്രകാരം ഒഞ്ചിയം-ചോറോട്, ഏറാമല, വില്ല്യാപ്പള്ളി, തൂണേരി, നാദാപുരം എന്നീ ആറ് പഞ്ചായത്തുകളിലേക്ക് ശുദ്ധജലവിതരണത്തിന് വേണ്ടി ആവിഷ്ക്കരിച്ച പദ്ധതിയാണിത്. ഭാഗികമായി കമ്മീഷൻ ചെയ്ത ഈ പദ്ധതി മുഖേന ഒഞ്ചിയം-ചോറോട്, ഏറാമല, തൂണേരി, വില്യാപ്പള്ളി, നാദാപുരം എന്നീ പഞ്ചായത്തുകളിലേക്ക് ജലവിതരണം നടത്തി വരുന്നുണ്ട്.

വൈദ്യുതി തകരാറ്, എ.സി. ഗ്രാവിറ്റി, മെയിനിലുണ്ടാകുന്ന പൊട്ടൽ, വിതരണ ശൃംഖലയിലുള്ള എച്ച്.ഡി.പി.ഇ. പൈപ്പിലുള്ള പൊട്ടലുകൾ എന്നിവമൂലം പലപ്പോഴായി ശുദ്ധജലവിതരണത്തിൽ തടസ്സം നേരിടുന്നുണ്ട്.

പദ്ധതിയുടെ പൂർണ്ണമായ കമ്മിഷനിംഗിന് താഴെപ്പറയുന്ന ജോലികൾ അത്യാവശ്യമായി ചെയ്ത് തീർക്കേണ്ടതുണ്ട്.

1. എടക്കണ്ടിക്കുന്ന് മുതൽ പുത്തലത്ത് മുക്കുവരെയുള്ള 1800 മീറ്റർ 350 മി. മീറ്റർ എ.സി. ക്ലാസ് 10 പൈപ്പുകൾ മാറ്റിപകരം 350 എം.എം.സി.ഐ. പൈപ്പ് ലൈൻ സ്ഥാപിക്കുക. ഇതിനായി ഏകദേശം 60 ലക്ഷം രൂപ ചെലവ് വരും.

2. ചേന്നമംഗലം മുതൽ മാങ്ങാട്ടുപാറ വരെയുള്ള 3860 മീറ്റർ 160 മി. മീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പുകൾ മാറ്റി സ്ഥാപിക്കുക. 16 ലക്ഷം രൂപ ഇതിന് ചെലവ് വരും.

3. ചോറോട് ഗേറ്റ് മുതൽ സ്വാമിമഠം റോഡിൽ (നാഷണൽ ഹൈവേ) 110 മി.മീ. പി.വി.സി. പൈപ്പ് ലൈനുകൾ 4. കി. മീ. ദൈർഘ്യത്തിൽ സ്ഥാപിച്ച് അമൃതാനന്ദമയീ റോഡ്, കൈനാട്ടി മുത്തലങ്ങാടി റോഡ്, കുറുപ്പാൾ, ഒന്തതിമീംഗലം റോഡ് എന്നീ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുലൈനുമായി കൂട്ടിയോജിപ്പിച്ച് ജലവിതരണം നടത്തുക. ഇതിനായി ഏകദേശം 10 ലക്ഷം രൂപ ചെലവ് വരും.

4. പായന്തോങ്ങ് മുതൽ എടച്ചേരി വരെ 3½ കി.മീ. ദൈർഘ്യത്തിൽ സ്ഥാപിച്ച 300 മി. മീ. എ.സി. ക്ലാസ്സ് 15 ഗ്രാവിറ്റി മെയിനിൽ വ്യത്യസ്ത സ്ഥലങ്ങളിലായി അടിക്കടി റിപ്പയറുകൾ വരുന്നതുകൊണ്ട് ജലവിതരണം അധികവും തടസ്സപ്പെടാറുണ്ട്. ഈ ഭാഗത്ത് കൂടുതൽ ലീക്ക് വരുന്ന സ്ഥലങ്ങളിലെ ഏകദേശം 1½ കി. മീ. പൈപ്പ് ലൈനുകൾ മാറ്റി 300 മി. മീ. സി.ഐ. പൈപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി ഏകദേശം 12 ലക്ഷം രൂപ ചെലവ് വരും.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ ചെയ്യേണ്ടതുണ്ടെങ്കിലും അടിയന്തിര മായി ശുദ്ധജലവിതരണം നടത്തിക്കൊണ്ടു പോകാനായി ഒഞ്ചിയം പഞ്ചായത്തിലെ എടക്കണ്ടിക്കുന്നുമുതൽ പുത്തലത്തുമുക്കുവരെ സ്ഥാപിച്ച 350 മി. മീ. എ. സി. പൈപ്പ് ലൈൻ ഭാഗികമായി 600 മീറ്റർ മാറ്റി പകരം സി. ഐ. പൈപ്പ് സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി 25 ലക്ഷം രൂപ ചെലവ് വരും. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് മാറ്റിയിടുന്ന പണി നടപ്പിലാക്കുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഫണ്ടിന്റെ അപര്യാപ്തത നിലനിൽക്കുകയാണ്. ഇതൊക്കെയാണെങ്കിലും അങ്ങ് തന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അത് മുഖവിലയ്ക്കെടുത്തുകൊണ്ട് ചില നടപടികൾ എടുക്കുന്നതിനുവേണ്ടി വകുപ്പിന് ഉത്തരവ് കൊടുത്തു. ഇവിടെ സാമ്പത്തിക പ്രയാസമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതെന്ന് അങ്ങേയ്ക്കറിയാം. സാമ്പത്തിക പ്രയാസം ദൂരീകരിച്ച് കഴിയുന്നത്ര ഭംഗിയായി ചെയ്യുന്നതിന് വേണ്ടി സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു : ഒന്നൊന്നര മാസത്തിനകം മഴ ആരംഭിക്കും. മഴ ആരംഭിച്ചുകഴിഞ്ഞാൽ വലിയ ബുദ്ധിമുട്ട് വരും. അവിടെ ആളുകൂടി. പത്തഞ്ഞൂറാളു ണ്ടായിരുന്നു. ജനങ്ങൾ കുടിവെള്ളത്തിന്റെ പേരിൽ ബഹളമുണ്ടാക്കുമ്പോൾ എം.എൽ.എ. എന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുമെന്ന് ഞാൻ ജനങ്ങൾക്ക് ഉറപ്പുകൊടുത്തു. അങ്ങ് അടിയന്തിര നടപടിയുണ്ടാക്കുമെന്ന് പറഞ്ഞു. അതിനാൽ കഴിയുന്നതുംവേഗം എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്നും, അത് നടപ്പിലാക്കാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞ മാതിരിയുള്ള നടപടികളി ലേയ്ക്ക് പോകാം. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അങ്ങും അട ക്കമുള്ള, വാട്ടർ അതോറിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചു കൂട്ടാൻ നിർദ്ദേശം നൽകാം.

(2) തിരുവനന്തപുരത്ത് ഐ. ഐ. ടി-യും സാങ്കേതിക സർവ്വകലാശാലയും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും ക്വാളിറ്റി ഇംപ്രൂവ് ചെയ്യാൻവേണ്ടി ഒരു ഐ. ഐ. ടി. വേണമെന്ന ആവശ്യം വളരെ നാളുകളായി ഉന്നയിക്കുകയാണ്. ഈ സംസ്ഥാന നിയമസഭയിൽ തന്നെ 2004 ജൂലൈ ഒൻപതിനാണെന്ന് തോന്നുന്നു, ഇന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി കൊണ്ടുവന്ന കേരളത്തിൽ ഐ.ഐ.ടി. സ്ഥാപി ക്കണമെന്ന അനൗദ്യോഗിക പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly